# മുന്നാക്കസമുദായങ്ങളിലെ പാവപ്പെട്ടവർക്ക് ലഭിക്കേണ്ട നീതി സർക്കാർ നിഷേധിക്കരുത്

മുന്നാക്കവിഭാഗത്തിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരുടെ ക്ഷേമത്തിനായി 2012-ൽ കേരളസംസ്ഥാനമുന്നാക്കസമുദായക്ഷേമകോർപ്പറേഷനും 2016-ൽ മുന്നാക്കസമുദായകമ്മീഷനും നിലവിൽ വന്നതാണ്. മുന്നാക്കസമുദായങ്ങളിലെ പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹച്ചെലവുകൾക്ക് ധനസഹായമായി നല്കുന്നതിന് മംഗല്യസമുന്നതി, പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനസഹായം നല്കുന്നതിന് മെറിറ്റ് സ്കോളർഷിപ്, സ്വയംസഹായസംഘങ്ങൾക്കുള്ള ടേം ലോൺ അസിസ്റ്റൻസ്, അഭ്യസ്തവിദ്യരും നിരാലംബരുമായുള്ള തൊഴിലന്വേഷകർക്ക് കോച്ചിംഗ് അസിസ്റ്റൻസ്, ഭവനരഹിതരെ സഹായിക്കുന്നതിനുള്ള ഭവനസമുന്നതി തുടങ്ങിയ പദ്ധതികൾ ക്ഷേമകോർപ്പറേഷൻ നടപ്പിലാക്കുന്നു എന്ന് പറയുന്നെങ്കിലും അർഹതപ്പെട്ടവർക്ക് യഥാവിധി അത് ലഭിക്കുന്നില്ല എന്ന പരാതി പരക്കെയുണ്ട്. ഇതിന്റെ കാരണം, കോർപ്പറേഷന്റെ ഭാഗത്തുനിന്നും ഉള്ള അനാസ്ഥയാണോ അതോ സർക്കാർ ഫണ്ട് അനുവദിക്കാത്തതുകൊണ്ടാണോ എന്ന് അറിയേണ്ടതുണ്ട്. എന്തായാലും ഇത് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുള്ള വീഴ്ചതന്നെയാണ് എന്നു പറയാതെവയ്യ. അങ്ങനെയെങ്കിൽ, മുന്നാക്കസമുദായങ്ങളോടുള്ള സർക്കാരിന്റെ അവഗണനയും കടുത്ത വിവേചനവുമാണെന്ന് ഇതെന്നു പറയേണ്ടിയിരിക്കുന്നു.

2016-ൽ രൂപീകരിച്ച മുന്നാക്കസമുദായകമ്മീഷൻ ആവശ്യമായ പഠനം നടത്തി, അവരുടെ കാലാവധി തീരുന്നതിനുമുമ്പുതന്നെ റിപ്പോർട്ട് മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുള്ളതാണ്. കമ്മീഷന്റെ കാലാവധി തീർന്ന് പിരിയുന്നതിനുമുമ്പ് പുതിയ കമ്മീഷനെ നിയമിക്കുകയോ, അല്ലാത്തപക്ഷം പുതിയ കമ്മീഷൻ നിലവിൽ വരുന്നതുവരെ പഴയ കമ്മീഷൻ തുടരാനുള്ള നിലപാട് സ്വീകരിക്കുകയോ സർക്കാർ ചെയ്തില്ല. നിലവിൽ വന്ന പുതിയ കമ്മീഷനിലെ മെമ്പർ സെക്രട്ടറിക്ക് യോഗ്യത ഇല്ലാത്തതിന്റെ പേരിൽ ചാർജ്ജ് എടുക്കുന്നതിനോ, പുതിയ മെമ്പർ സെക്രട്ടറിയെ തിരഞ്ഞെടുക്കുന്നതിനോ ഇതുവരെ കഴിഞ്ഞിട്ടില്ല. പുതിയ കമ്മീഷൻ നിലവിലിരിക്കെത്തന്നെ, മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 10 ശതമാനം സംവരണത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാരിനു സമർപ്പിക്കുന്നതിനായി രണ്ടംഗകമ്മീഷനെ 12.3.2019-ൽ നിയമിക്കുകയുണ്ടായി. പ്രസ്തുത കമ്മീഷൻ മൂന്നുമാസത്തിനകം സർക്കാരിന് ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ഇന്നേവരെ യാതൊരു നടപടിയും സ്വീകരിച്ചതായി അറിവില്ല. ഒരു സ്റ്റാറ്റ്യൂട്ടറി കമ്മീഷൻ നിലനില്ക്കെത്തന്നെ, മറ്റൊരു രണ്ടംഗകമ്മീഷനെ നിയമിച്ചത് വിവാദപരമല്ലേ?

മുൻകമ്മീഷൻ ഗവൺമെന്റുമുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയെന്ന് അറിയാൻ ജനങ്ങൾക്ക് അവകാശമില്ലേ? മുന്നാക്കവിഭാഗത്തിൽ എത്ര സമുദായങ്ങളുണ്ടെന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടെന്നാണ് അറിയുന്നത്. അത് ഏതൊക്കെയെന്ന് ഒരു വിജ്ഞാപനത്തിലൂടെ പരസ്യപ്പെടുത്താൻപോലും സർക്കാർ ഇതുവരെ തയ്യാറായിട്ടില്ല എന്നാണ് അറിയാൻ കഴിയുന്നത്. അങ്ങനെയെങ്കിൽ ഇത് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുള്ള മറ്റൊരു അവഗണനയും വിവേചനവുമാണ്.

ഈ രണ്ട് സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ ഓഫീസുകളും പ്രാപ്തരായ ഉദ്യോഗസ്ഥരെയും യഥാസമയത്തുള്ള ഫണ്ടും നല്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും തികഞ്ഞ അനാസ്ഥയാണ് ഉള്ളത് എന്നാണ് അന്വേഷണത്തിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. ഇത് പ്രതിഷേധാർഹമാണ്, ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സത്വരശ്രദ്ധ പതിയേണ്ടതുണ്ട്.